(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കെൽട്രോൺ വികസിപ്പിച്ചെടുത്ത പുതിയ മോഡൽ റെയിൽവേ സിഗ്നലിംഗ് സിസ്റ്റം

*3 [903] ശ്രീ. കെ. എ. ചന്ദ്രൻ:

„ കെ. മോഹൻകുമാർ:

„ എൻ. ഡി. അപ്പച്ചൻ:

„ ലൂഡി ലൂയിസ്:

„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പുതിയ മോഡൽ റെയിൽവേ സിഗ്നലിംഗ് സിസ്റ്റത്തിന്റെ സാമ്പിൾ വികസിപ്പിക്കുവാൻ കെൽട്രോണിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) ഇത് റെയിൽവേ അധികാരികൾ അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉപകരണം വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാനുള്ള സാദ്ധ്യതയുണ്ടോ എന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) എൽ. ഇ. ഡി. (LED) ഉപയോഗിച്ചുള്ള റെയിൽവേ സിഗ്നലിംഗ് ലാമ്പ് കെൽട്രോൺ ഇപ്പോൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) സാമ്പിൽ തയ്യാറായി കഴിഞ്ഞാൽ 2003 സെപ്തംബർ മാസത്തോടെ ഇത് റെയിൽവേ അധികാരികൾക്ക് കൈമാറും. അതിനുശേഷം Railways Standards and Designs Organisation, Lucknow (RDSO)-ആണ് പരിശോധിച്ച് അംഗീകാരം നൽകേണ്ടത്.

(സി) RDSO-അംഗീകാരം ലഭിച്ചാൽ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുവാൻ സാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly